

പിലിക്കോട് ഗ്രാമപഞ്ചായത്തിൽ മഴവെള്ളക്കുഴികളുടെ നിർമ്മാണം
വർക്ക് കോഡ്: 1601005004/WC/591589

അദ്ധ്യായം
2

# ഓഡിറ്റ് ചട്ടക്കൂട്

അദ്ധ്യായം

# 2 ഓഡിറ്റ് ചട്ടക്കൂട്

## 2.1 ഓഡിറ്റ് ലക്ഷ്യങ്ങൾ

കേരളത്തിൽ എംജിഎൻആർഇജി നിയമം നടപ്പാക്കുന്നതിനെക്കുറിച്ചുള്ള പ്രവർത്തനക്ഷമതാ ഓഡിറ്റിന്റെ ലക്ഷ്യങ്ങൾ താഴെപ്പറയുന്നവ വിലയിരുത്തുക എന്നതായിരുന്നു:

പ്രസക്തമായ നിയമങ്ങളും ചട്ടങ്ങളും പാലിക്കുന്നതിനും ആസൂത്രണ പ്രക്രിയകളും സാമ്പത്തിക കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന രീതികളും നിയമത്തിന്റെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് പര്യാപ്തമായ രീതിയിൽ സജ്ജീകരിച്ചിരുന്നോ ?

തൊഴിലവസരങ്ങളിലേക്കുള്ള ന്യായമായ പ്രവേശനം നേടിയിട്ടുണ്ടോ അതുപോലെ മതിയായ തൊഴിൽ സൃഷ്ടിക്കപ്പെട്ടിട്ടുണ്ടോ, അതുവഴി വിഭാവനം ചെയ്തതുപോലെ സാമൂഹ്യസംരക്ഷണവും ഉപജീവന സുരക്ഷയും ഉറപ്പാക്കപ്പെട്ടിട്ടുണ്ടോ ?

മറ്റ് പരിപാടികളും/പദ്ധതികളുമായി സംയോജനം ഉറപ്പാക്കുന്നതിനൊപ്പം നിയമങ്ങളും ചട്ടങ്ങളും പാലിച്ചുകൊണ്ട് ഈട് നിൽക്കുന്നതും ഉപയോഗപ്രദവുമായ ആസ്തികൾ സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്തിട്ടുണ്ടോ ?

കൂടുതൽ സുതാര്യതയും ഉത്തരവാദിത്തവും കൈവരിക്കുന്നതിന് ഉചിതമായതും പര്യാപ്തവുമായ നിരീക്ഷണം, സോഷ്യൽ ഓഡിറ്റ്, പരാതി പരിഹാര സംവിധാനങ്ങൾ എന്നിവ വിഭാവനം ചെയ്തതുപോലെ നിലവിലുണ്ടാവുകയും പ്രവർത്തിക്കുകയും ചെയ്യുന്നുണ്ടോ ?

## 2.2 ഓഡിറ്റ് മാനദണ്ഡം

പ്രവർത്തനക്ഷമതാ ഓഡിറ്റ് വിലയിരുത്തുന്നതിനുള്ള ഓഡിറ്റ് മാനദണ്ഡങ്ങൾ പ്രധാനമായും ഉരുത്തിരിഞ്ഞത് താഴെപ്പറയുന്നവയിൽ നിന്നാണ്.

- 2005-ലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം, 2013-ലെ എംജിഎൻആർഇജിഎ പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങളും അതിന്മേലുള്ള ഭേദഗതികളും, നിയമത്തിനു കീഴിൽ പുറപ്പെടുവിച്ച ചട്ടങ്ങൾ
- 2006-ലെ കേരള ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
- കേന്ദ്രസർക്കാരിലെ ഗ്രാമവികസന മന്ത്രാലയം പുറപ്പെടുവിച്ച വാർഷിക മാസ്റ്റർ സർക്കുലറുകൾ
- കേന്ദ്രസർക്കാരിലെ ഗ്രാമവികസന മന്ത്രാലയവും കേരള സർക്കാരും പുറപ്പെടുവിച്ച ഉത്തരവുകൾ, സർക്കുലറുകൾ, നിർദ്ദേശങ്ങൾ
- കേരള ഫിനാൻഷ്യൽ റൂൾസും ജനറൽ ഫിനാൻഷ്യൽ റൂൾസും

## 2.3 ഓഡിറ്റിന്റെ വ്യാപ്തിയും രീതിശാസ്ത്രവും

2024-25 -ൽ ചെയ്ത സ്പിൽഓവർ പ്രവർത്തികൾ ഉൾപ്പെടെ 2019-20 മുതൽ 2023-24 വരെയുള്ള കാലയളവ് ഉൾപ്പെടുത്തിക്കൊണ്ട് 2024 ജൂൺ മുതൽ 2024 നവംബർ വരെയാണ് പ്രവർത്തനക്ഷമതാ ഓഡിറ്റ് നടത്തിയത്. ഗ്രാമപഞ്ചായത്തുകളിലും/ബ്ലോക്ക് പഞ്ചായത്തുകളിലും സൂക്ഷിച്ചിരിക്കുന്ന അടിസ്ഥാന രേഖകൾ, രജിസ്റ്ററുകൾ, ഫയലുകൾ എന്നിവയുടെ പരിശോധന, ഓഡിറ്റ് എൻക്വയറികൾ നൽകൽ, ഫീൽഡ് സന്ദർശനങ്ങൾ, സംയുക്ത ഗുണഭോക്തൃ സർവ്വേ തുടങ്ങിയവ ഓഡിറ്റ് രീതിശാസ്ത്രത്തിൽ ഉൾപ്പെടുന്നു. തദ്ദേശസ്വയംഭരണവകുപ്പ്, പ്രിൻസിപ്പൽ ഡയറക്ടറേറ്റ് (എൽഎസ്ജിഡി), സംസ്ഥാന മിഷനും ജില്ലാ മിഷനുകളും (എംജിഎൻആർഇജിഎസ്),


എംജിഎൻആർഇജിഎ സോഷ്യൽ ഓഡിറ്റ് സൊസൈറ്റി, കുടുംബശ്രീ, പദ്ധതി നടത്തിപ്പിൽ ഉൾപ്പെട്ട മറ്റ് ഓഫീസുകൾ എന്നിവയിൽ നിന്നും വിവരങ്ങൾ ശേഖരിച്ചു.

2024 ജൂലൈ 30-ന് എൽഎസ്ജിഡി സെക്രട്ടറിയുമായി ഒരു എൻട്രി കോൺഫറൻസ് നടത്തുകയും അതിൽ ഓഡിറ്റ് ലക്ഷ്യങ്ങൾ, മാനദണ്ഡങ്ങൾ, വ്യാപ്തി, രീതിശാസ്ത്രം എന്നിവ ചർച്ച ചെയ്യുകയും ചെയ്തു. ഓഡിറ്റിന്റെ പരിസമാപ്തിയിൽ, 2025 ജൂൺ 09-ന് എൽഎസ്ജിഡി അഡീഷണൽ ചീഫ് സെക്രട്ടറിയുമായി ഒരു എക്സിറ്റ് കോൺഫറൻസ് നടത്തുകയും, അതിൽ ഓഡിറ്റ് കണ്ടെത്തലുകൾ ചർച്ച ചെയ്യുകയും ചെയ്തു. ഓഡിറ്റ് കണ്ടെത്തലുകളിന്മേൽ സർക്കാർ നൽകിയ അഭിപ്രായങ്ങൾ ഈ റിപ്പോർട്ടിൽ ഉചിതമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.

## 2.4 ഓഡിറ്റ് സാമ്പിൾ

പദ്ധതി നടപ്പാക്കുന്ന 14 ജില്ലകളിൽ നിന്ന് മൂന്ന് ജില്ലകളെ (21.43 ശതമാനം) ഓഡിറ്റിനായി തിരഞ്ഞെടുത്തു. ജില്ലകൾ തിരഞ്ഞെടുക്കുമ്പോൾ, സാമ്പിളിൽ ഭൂമിശാസ്ത്രപരമായ പ്രാതിനിധ്യം ഒരു വലിയ അളവിൽ ഉറപ്പാക്കിയിട്ടുണ്ട്. ഓരോ ജില്ലയിലും രണ്ട് ബ്ലോക്കുകളും ഓരോ തിരഞ്ഞെടുത്ത ബ്ലോക്കിലും നാല് ഗ്രാമപഞ്ചായത്തുകളും രേഖകളുടെ വിശദമായ പരിശോധനയ്ക്കായി തിരഞ്ഞെടുത്തു. ഓഡിറ്റിനായി തിരഞ്ഞെടുത്ത യൂണിറ്റുകൾ താഴെ **പട്ടിക 2.1ൽ** നൽകിയിരിക്കുന്നു.

**പട്ടിക 2.1: കേരള സംസ്ഥാനത്തിൽ സാമ്പിൾ ചെയ്ത യൂണിറ്റുകൾ**




| ജില്ല | ബ്ലോക്ക് പഞ്ചായത്ത് | ഗ്രാമപഞ്ചായത്ത് | |
|---|---|---|---|
| കാസർഗോഡ് | കാസർഗോഡ് | ബദിയഡുക്ക | കുമ്പള |
| | | മധുർ | ചെങ്കള |
| | നീലേശ്വരം | പടന്ന | തൃക്കരിപ്പൂർ |
| | | പിലിക്കോട് | കയ്യൂർ-ചീമേനി |
| പാലക്കാട് | അട്ടപ്പാടി* | അഗളി | പുതൂർ |
| | | ഷോളയൂർ | |
| | മലമ്പുഴ | പുതുപ്പരിയാരം | മലമ്പുഴ |
| | | പുതുശ്ശേരി | മരുതറോഡ് |
| | | അകത്തേത്തറ | |
| തിരുവനന്തപുരം | വെള്ളനാട് | കാട്ടാക്കട | തൊളിക്കോട് |
| | | കുറ്റിച്ചൽ | വെള്ളനാട് |
| | ചിറയിൻകീഴ് | മുദാക്കൽ | വക്കം |
| | | കടയ്ക്കാവൂർ | അഞ്ചുതെങ്ങ് |

**അട്ടപ്പാടി ബ്ലോക്കിൽ മൂന്ന് ഗ്രാമപഞ്ചായത്തുകളെ ഉള്ളൂ എന്നതിനാൽ മലമ്പുഴ ബ്ലോക്കിൽ ഒരു ഗ്രാമപഞ്ചായത്ത് അധികമായി തിരഞ്ഞെടുത്തു*

ഓരോ ഗ്രാമപഞ്ചായത്തിൽ നിന്നും 10 പ്രവൃത്തികൾ വിശദമായ പരിശോധനയ്ക്കായി തിരഞ്ഞെടുത്തു. ഗുണഭോക്തൃ സർവ്വേയ്ക്കായി ഓരോ ഗ്രാമപഞ്ചായത്തിൽ നിന്നും പത്ത് മുതൽ 15 വരെ ഗുണഭോക്താക്കളെ തിരഞ്ഞെടുത്തു (മൊത്തം 334 ഗുണഭോക്താക്കൾ).

## 2.5 എംജിഎൻആർഇജി പദ്ധതിയിന്മേലുള്ള മുൻ ഓഡിറ്റ് കണ്ടെത്തലുകൾ

2007-08 മുതൽ 2011-12 വരെയുള്ള കാലയളവിലെ എംജിഎൻആർഇജിഎസ്സിന്റെ പ്രവർത്തനക്ഷമതാ ഓഡിറ്റ് 2012 മാർച്ച് മുതൽ ജൂൺ വരെ നടത്തുകയും അതിലെ കണ്ടെത്തലുകൾ 2012 മാർച്ചിൽ അവസാനിച്ച വർഷത്തിലെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ടിൽ ഉൾപ്പെടുത്തുകയും ചെയ്തു (2013 വർഷത്തിലെ റിപ്പോർട്ട് നമ്പർ 2, കേരള സർക്കാർ) 2022 ജൂലൈയിൽ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി പ്രവർത്തനക്ഷമതാ ഓഡിറ്റ് റിപ്പോർട്ട് ചർച്ച ചെയ്തു. സമിതിയുടെ ശിപാർശകൾ ലഭിച്ചിട്ടില്ല.

## 2.6 കൃതജ്ഞത

പ്രവർത്തനക്ഷമതാ ഓഡിറ്റ് നടത്തുന്നതിന് സംസ്ഥാന സർക്കാരും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളും അവയുടെ ഉദ്യോഗസ്ഥരും വിവിധ ഘട്ടങ്ങളിൽ നൽകിയ സഹകരണത്തിനും സഹായത്തിനും ഓഡിറ്റ് കൃതജ്ഞത രേഖപ്പെടുത്തുന്നു.

## 2.7 ഓഡിറ്റ് കണ്ടെത്തലുകൾ

ഓഡിറ്റ് കണ്ടെത്തലുകൾ അഞ്ച് അദ്ധ്യായങ്ങളായി ക്രമീകരിച്ചിരിക്കുന്നു

- ആസൂത്രണവും ശേഷിവികസനവും
- സാമ്പത്തിക മാനേജ്മെന്റ്
- രജിസ്ട്രേഷനും തൊഴിലും
- പ്രവർത്തികളുടെ നിർവ്വഹണം
- നിരീക്ഷണവും പരാതി പരിഹാരവും സോഷ്യൽ ഓഡിറ്റും